(ഇ) നിധീഷ്, S/o താമി, പുള്ളിയിൽ ഹൗസ്, വറ്റല്ലൂർ പി.ഒ.

ഗുണഭോക്തൃ കമ്മിറ്റി 8 പ്രാവശ്യം 4-2-2012, 10-2-2012, 30-3-2012, 28-4-2012, 2-3-2013, 5-12-2013, 5-1-2014, 18-1-2014 എന്നീ തീയതികളിലായി യോഗം ചേർന്നിട്ടുണ്ട്.

(എഫ്) ഉണ്ട്.

7, 14, 19, 21 വാർഡുകളിലെ മെമ്പർമാർ കമ്മിറ്റികളിൽ പങ്കെടുത്തിരുന്നു.

(ജി) നോട്ടീസുകൾ കാണുന്നുവെങ്കിലും ആയത് മെമ്പർമാർ രേഖാമൂലം കൈപ്പറ്റിയതായ വിവരം ലഭ്യമല്ലെന്ന് കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തെരുവുവിളക്കുകൾ സ്ഥാപിക്കാത്ത ഗ്രാമീണ റോഡുകൾ

187 (7486) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കാത്ത ഗ്രാമീണ റോഡുകൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതിക്കാർ ഏറെയുള്ള പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷകൾ തീർപ്പാക്കാതെയുണ്ടോ ;

(ഡി) പട്ടികജാതിക്കാർ ഏറെയുള്ളതും പ്രധാന റോഡുകളിൽനിന്നും ഒറ്റപ്പെട്ടതുമായ ഗ്രാമീണറോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനം അടിയന്തരമായി കൈക്കൊള്ളുന്നതിന് പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ നടപടി

188 (7487) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കാൻ എന്തെല്ലാം നിയമതടസ്സങ്ങളാണ് നിലവിലുള്ളത് ; വിശദവിവരങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly